# കേരള സർവകലാശാല

നം. പി.ആർ.123/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ബി.പി.ടി പരീക്ഷ

കേരള സർവകലാശാല ആഗസ്റ്റ് മൂന്നിന് തുടങ്ങുന്ന രണ്ടാം സെമസ്റ്റർ ബി.പി.ടി (സപ്ലിമെന്ററി), ആഗസ്റ്റ് എട്ടിന് തുടങ്ങുന്ന മൂന്നാം സെമസ്റ്റർ ബി.പി.ടി (സപ്ലിമെന്ററി) പരീക്ഷകൾക്ക് പിഴകൂടാതെ ജൂലൈ 14 (50 രൂപ പിഴയോടെ ജൂലൈ 16, 250 രൂപ പിഴയോടെ ജൂലൈ 19) വരെയും

ആഗസ്റ്റ് 16-ന് തുടങ്ങുന്ന നാലാം സെമസ്റ്റർ ബി.പി.ടി (സപ്ലിമെന്ററി), ആഗസ്റ്റ് 25-ന് തുടങ്ങുന്ന അഞ്ചാം സെമസ്റ്റർ ബി.പി.ടി (സപ്ലിമെന്ററി) പരീക്ഷകൾക്ക് പിഴകൂടാതെ ജൂലൈ 22 (50 രൂപ പിഴയോടെ ജൂലൈ 25, 250 രൂപ പിഴയോടെ ജൂലൈ 27) വരെയും

ആഗസ്റ്റ് 31-ന് തുടങ്ങുന്ന ആറാം സെമസ്റ്റർ ബി.പി.ടി (സപ്ലിമെന്ററി), സെപ്റ്റംബർ 26-ന് തുടങ്ങുന്ന ഏഴാം സെമസ്റ്റർ ബി.പി.ടി (സപ്ലിമെന്ററി) പരീക്ഷകൾക്ക് പിഴകൂടാതെ ജൂലൈ 27 (50 രൂപ പിഴയോടെ ജൂലൈ 29, 250 രൂപ പിഴയോടെ ആഗസ്റ്റ് ഒന്ന്) വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### പുതുക്കിയ പരീക്ഷാ തീയതികൾ

കേരള സർവകലാശാല ജൂലൈ ഏഴിന് നടത്താനിരുന്ന രണ്ടാം സെമസ്റ്റർ ബി.എ.എസ്.എൽ.പി (പേപ്പർ : ബി. 2.4 - മാനേജ്മെന്റ് ഓഫ് ദി ഹിയറിംഗ് ഇംപയേർഡ്), രണ്ടാം സെമസ്റ്റർ എം.എഡ് (സ്പെഷ്യൽ എഡ്യൂക്കേഷൻ - മെന്റൽ റിട്ടാർഡേഷൻ/ ഇന്റലക്ച്വൽ ഡിസെബിലിറ്റി - പേപ്പർ : എ4 കരിക്കുലം ഡിസൈൻ ആൻഡ് ഡെവലപ്മെന്റ്) പരീക്ഷകൾ ജൂലൈ 15-നും രണ്ടാം സെമസ്റ്റർ ഡിപ്ലോമ ഇൻ ട്രാൻസലേഷൻ സ്റ്റഡീസ് - (പേപ്പർ : ഡി.ടി.എസ് 201 : ടെക്നിക്സ് ഓഫ് ട്രാൻസലേഷൻ) പരീക്ഷ ജൂലൈ 18-നും ഒന്നാം വർഷ ബി.കോം (കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് - ത്രീമെയിൻ സിസ്റ്റം ഓഫ് എസ്.ഡി.ഇ/എൽ.എസ്.സി കേന്ദ്രങ്ങൾ - പേപ്പർ : സി 1 - പേപ്പർ 1 ഇൻട്രൊഡക്ഷൻ ടു കമ്പ്യൂട്ടേഴ്സ്) പരീക്ഷ ജൂലൈ 19-നും നാലാം സെമസ്റ്റർ എം.ബി.എ (എസ്.ഡി.ഇ - പേപ്പർ : ഇലക്ടീവ് - ഫിനാൻസ് സ്ട്രീം പേപ്പർ മൂന്ന് - ഇന്റർനാഷണൽ ഫിനാൻസ്) പരീക്ഷ ജൂലൈ 22-നും നടത്തും. പരീക്ഷാകേന്ദ്രങ്ങൾക്ക് മാറ്റമില്ല.

### ബി.പി.എ ഫലം

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ ബി.പി.എ (വോക്കൽ, വീണ, വയലിൻ, ഡാൻസ് - 2013 അഡ്മിഷൻ), ബി.പി.എ (വോക്കൽ, വീണ, മൃദംഗം - 2013-ന് മുമ്പുള്ള അഡ്മിഷൻ) പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### എം.എസ്സി മേഴ്സി ചാൻസ് ടൈംടേബിൾ

കേരള സർവകലാശാല ജൂലൈ 22-ന് തുടങ്ങുന്ന നാലാം സെമസ്റ്റർ എം.എസ്സി കെമിസ്ട്രി (2003 സ്കീം, 2003 മുതൽ 2006 വരെയുള്ള

അഡ്മിഷൻ), എം.പി.എ (2004 സ്കീം, 2010-ന് മുമ്പുള്ള അഡ്മിഷൻ) മേഴ്സി ചാൻസ് പരീക്ഷകളുടെ വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.കോം പ്രാക്ടിക്കൽ

കേരള സർവകലാശാല ഏപ്രിൽ/മേയിൽ നടത്തിയ ബി.കോം (പാർട്ട് മൂന്ന്) ആന്വൽ സ്കീമിന്റെ ഇലക്ട്രോണിക് ഡേറ്റാ പ്രോസസിംഗ് ആൻഡ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (ഇ.ഡി.പി.സി.എ) പ്രാക്ടിക്കൽ പരീക്ഷ ജൂലൈ 18-ന് പാളയം സെനറ്റ് ഹൗസ് കാമ്പസിലെ വിദൂരവിദ്യാഭ്യാസ വിഭാഗത്തിൽ രാവിലെ 10 മണിമുതൽ നടത്തും. വിദ്യാർത്ഥികൾ ഹാൾടിക്കറ്റുമായി ഹാജരാകണം.

## ലക്ചറർ ഒഴിവ്

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള മാവേലിക്കര രാജാ രവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിൽ ആർട് ഹിസ്റ്ററിയിൽ കരാറടിസ്ഥാനത്തിൽ ലക്ചറർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ജൂലൈ 23 വൈകുന്നേരം അഞ്ച് മണി. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) Job Notifications എന്ന ലിങ്കിൽ ലഭിക്കും.

*(എല്ലാ എഡിഷനുകളിലും (ഇൻഡ്യ മുഴുവനും) പ്രസിദ്ധീകരിക്കുന്നതിന്)*

## ബി.ഡി.എസ് പരീക്ഷാകേന്ദ്രത്തിൽ മാറ്റം

കേരള സർവകലാശാല ജൂലൈയിൽ നടത്തുന്ന രണ്ടാം ബി.ഡി.എസ് സപ്ലിമെന്ററി പരീക്ഷയ്ക്ക് മിയന്നൂർ അസീസിയ ഡെന്റൽ കോളേജിലെ വിദ്യാർത്ഥികൾ അവിടെ നിന്നും ഹാൾടിക്കറ്റ് വാങ്ങി തിരുവനന്തപുരം ഗവ. ഡെന്റൽ കോളേജിൽ പരീക്ഷയെഴുതണം.

## ബി.എ.എസ്.എൽ.പി ഫലം

കേരള സർവകലാശാല ജനുവരിയിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.എ.എസ്.എൽ.പി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 29 വരെ അപേക്ഷിക്കാം.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
12.07.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098